# PREFACE

*The* **'FOCUS'** *is published by the Kerala Legislature Secretariat for the use of the members of the Kerala Legislative Assembly. It is a digest containing articles and excerpts from books on subjects of current intellectual, political, social and cultural interest, news, reports of the commissions and committees and reviews of books. The views expressed therein are those of the authors and do not necessarily reflect the views of the Kerala Legislature Secretariat.*

*Materials reproduced from other sources may not be republished in any form. Inquiries regarding permission for publication may be addressed directly to the sources cited.*

`

***V.K. BABU PRAKASH,***
***SECRETARY,***
***KERALA LEGISLATIVE ASSEMBLY.***

# CONTENTS

VOL. XLIX February 2019 No. 2


| | ARTICLES | Page |
|---|---|---|
| ഡോ. ജമീൽ അഹ്മദ് | ജനപ്രിയതയുടെ കളിമൈതാനങ്ങൾ [മാധ്യമം, 25 ഫെബ്രുവരി 2019] | 1-15 |
| കെ.കെ.ജോഷി, സേതുലക്ഷ്മി എം. & വർഷ എം.എസ്. | ഭാരതീയ സമുദ്ര ആവാസവ്യവസ്ഥയും ജൈവവൈവിധ്യവും [അരണ്യം, ഫെബ്രുവരി 2019] | 16-23 |
| Alok Prasanna Kumar | Taxation and the Rule of Law [Economic & Political Weekly 16 February 2019] | 24-28 |
| S.G. Vombatkere | A Pipe dream [Frontline, 15 February 2019] | 29-38 |
| | **BOOK REVIEW** | |
| Dr. Ekbal | Genetics and law -[A Review of the Book-“The Saga of Life-Interface of Law and Genetics”, written by Vani Kesari A. [Frontline, 15 February 2019] | 39-40 |
| | **LEGISLATIVE BUSINESS** | |
| | Resume of Business-247th Session of the Rajyasabha | 41-61 |

FOCUS



# ജനപ്രിയതയുടെ കളിമൈതാനങ്ങൾ

ഡോ. ജമീൽ അഹ്മദ്

മലപ്പുറം ജില്ല എന്ന രാഷ്ട്രീയ നിർണിത പരിധി അമ്പതുകൊല്ലം മാത്രം ആയുസ്സുള്ളതും ഇനിയും കൂടുതൽ കാലം അതേമട്ടിൽ നിലനിൽക്കാൻ സാധ്യതയില്ലാത്തതുമാണ്. എന്നാൽ അതുൾപ്പെടുന്ന സംസ്കാര സവിശേഷതകളുടെ കാതൽ നൂറ്റാണ്ടുകളായി രൂപപ്പെട്ടതാണെന്നു മാത്രമല്ല, അത് കണക്കാക്കാനാവാത്തിടത്തോളം തുടരുകയും ചെയ്തേക്കും. എന്നാൽ, ജനകീയ സംസ്കാരത്തെ വിശകലനം ചെയ്യാനുള്ള ഒരു കളം എന്ന നിലയ്ക്ക് മലപ്പുറം ജില്ല എന്ന ഭൂമിശാസ്ത്ര വരമ്പിനെ തിട്ടപ്പെടുത്താതെ തരമില്ലതാനും. രാഷ്ട്രീയമായ മറ്റൊരു പ്രാധാന്യവും ഈ അതിരുനിശ്ചയത്തിനുണ്ട്.

1969 ജൂൺ 16 നാണ് ഏറനാടിനും വള്ളുവനാടിനും ചുറ്റുമുള്ള പ്രദേശങ്ങൾ ചേർത്ത് മലപ്പുറം എന്ന പേരിലുള്ള ജില്ലയായി രൂപവത്കരിക്കപ്പെടുന്നത്. കോഴിക്കോടിന്റെയും പാലക്കാടിന്റെയും അതിരുകളിൽ നിന്ന് ദേശങ്ങൾ പകുത്തെടുത്ത് പുതിയ ജില്ല ഉണ്ടാക്കിയപ്പോൾ കേരളത്തിൽ ഒരു മാപ്പിള ജില്ലയെ ഒരുക്കുകയാണെന്നും അത് കുട്ടിപ്പാകിസ്താൻ ആയിരിക്കുമെന്നും കൊണ്ടുപിടിച്ച പ്രചാരണങ്ങൾ നടന്നു. ദേശീയപത്രങ്ങൾ വരെ മലപ്പുറം ജില്ല രൂപവത്കരണത്തിനെതിരെ ലേഖനങ്ങളെഴുതി. കെ.കേളപ്പന്റെ നേതൃത്വത്തിൽ ഹൈന്ദവ സംഘടനകളും ആര്യാടൻ മുഹമ്മദിന്റെ നേതൃത്വത്തിൽ കോൺഗ്രസും ഒരുപോലെ ജില്ലക്കെതിരെ വാദിച്ചു കയറി. എങ്കിലും, മുസ്ലീം ലീഗ് കൂടി ഉൾപ്പെട്ട, ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിലുള്ള സപ്തകക്ഷി മന്ത്രിസഭ കടിഞ്ഞൂൽ പ്രസവത്തിന്റെ പരാധീനതകളോടെ ഈ ജില്ലയ്ക്ക് പിറവികൊടുത്തു. സംഘ്പരിവാറും അവരുടെ സിൽബന്തികളും അന്നു മുഴക്കിയ അതേ ഭയനിഴൽപാടുകൾ കാരണം ഇപ്പോഴും മലപ്പുറം ജില്ല അതിനു പുറത്തെ ആളുകളിൽ പ്രത്യേകിച്ച് തെക്കൻകേരളത്തിലും ഹിന്ദിപ്രദേശങ്ങളിലും ദേശീയതയുടെയും മതസൗഹാർദത്തിന്റെയും അപകടമേഖലയാണ്. ഇങ്ങനെ, രൂപവത്കരണകാലം മുമ്പേ ഈ ജില്ലയുടെ പേരിൽ ദേശീയതലത്തിൽ തന്നെ ആസൂത്രിതമായി വ്യാപിപ്പിച്ച തെറ്റിദ്ധാരണകളും അപസ്വരങ്ങളുമാണ് കേവലമായ



രാഷ്ട്രീയാതിർത്തി നിർണയിച്ചു കൊണ്ടുതന്നെ ഒരു ജില്ലയെക്കുറിച്ചുള്ള സംസാരങ്ങൾ നടത്തുക എന്നത് ഫാഷിസത്തിനെതിരെയുള്ള സാമൂഹികവും സാംസ്കാരികവുമായ സമകാലിക ചെറുത്തുനിൽപ്പുകളുടെ ഭാഗമായി പ്രസക്തമാകുന്നത്.

എന്നാൽ, സ്നേഹിക്കാനും സഹകരിക്കാനും കഴിയുന്ന വിവിധ മതവിഭാഗങ്ങളിൽപെട്ട ആളുകൾ പാർക്കുന്ന ജില്ലയാണിതെന്ന് ഇവിടെ അല്പ കാലമെങ്കിലും താമസിച്ച ആരും സമ്മതിക്കുന്നു. പുറത്തുനിന്ന് പേടിയോടെ കടന്നുവന്ന പലരും ഈ ജില്ലയെ സ്നേഹിച്ചംഗീകരിച്ച് ഇവിടെത്തന്നെ സ്ഥിര താമസമാക്കാൻ തീരുമാനിക്കുന്നു.

**ചരിത്രത്തിന്റെ ജലസീമകൾ**

വലുപ്പംകൊണ്ട് കേരള സംസ്ഥാനത്ത് മൂന്നാം സ്ഥാനത്തു നിൽക്കുന്ന ജില്ലയാണിത്. മലപ്പുറത്തിന്റെ സംസ്കാരവും ചരിത്രവും രൂപപ്പെടുത്തുന്നതിൽ ജലധാരകൾക്ക് വലിയ പങ്കുണ്ട്. ആ അർത്ഥത്തിൽ കേരളത്തിലെ പ്രധാന നദീതട സംസ്കാരങ്ങളിലൊന്നാണ് മലപ്പുറം. അതിന്റെ പടിഞ്ഞാറുഭാഗത്തെ എൺപതോളം കിലോമീറ്റർ തീരപ്രദേശമായി പരന്നു കിടക്കുന്നു. നദികളും തോടുകളും കാടും കൃഷിഭൂമിയും നിറഞ്ഞ മണ്ണ്. നിളയുടെ പ്രധാന നീരൊഴുക്കുകളെല്ലാം മലപ്പുറം ജില്ലയെ തഴുകിപ്പോകുന്നു. ചുറ്റുമൊഴുകുന്ന ഈ ജലസമൃദ്ധിയും അത് ഒഴുക്കിവിടുന്ന ഗിരിനിരകളും അതിനോടനുബന്ധിച്ച വനാന്തരീക്ഷവും അതിന്റെ ഫലഭൂയിഷ്ഠത വിളിച്ചോതുന്ന കൃഷിയിടങ്ങളും ഇവിടത്തെ സാംസ്കാരിക സവിശേഷതകൾ രൂപപ്പെടുന്നതിന് പ്രധാനപ്പെട്ട കാരണം തന്നെ ആയിട്ടുണ്ട്.

മലപ്പുറത്തിന്റെ സമൂഹത്തിനെയും നിർണയിച്ചത് പൊന്നാനി, പരപ്പനങ്ങാടി തുറമുഖങ്ങളിലൂടെ ഇവിടെയെത്തിയ വിദേശവണിക്കുകളാണ്. അറബ്നാടുകളിൽ നിന്ന് മലബാറിലേക്ക് കപ്പലേറി വന്ന വ്യാപാരികൾ കോഴിക്കോടും തലശ്ശേരിയും കഴിഞ്ഞാൽ മലപ്പുറത്തെ ഈ തീരപ്രദേശങ്ങളിലാണ് കൂടുതലായും നങ്കൂരമിട്ടത്. അതിഥികളായും ബന്ധുക്കളായും വന്ന അറബിക്കൂട്ടങ്ങളെ മതവും ജാതിയും മറന്ന് അന്നേ മലപ്പുറത്തുകാർ സ്വീകരിച്ചു. മാപ്പിളമാരുടെ പൂർവ്വപിതാക്കളായിരുന്നു ആ'പുതിയാപ്പിള'മാർ. കടലിലേക്ക് ഒഴുകിയെത്തുന്ന കടലുണ്ടിപ്പുഴയും



നിളയുമാണ് കിഴക്കൻ താഴ്‌വാരങ്ങളിലെ അങ്ങാടികളിലേക്കുള്ള അവരുടെ വഴിവിരിച്ചത്. ഈ ജലസമൃദ്ധിയുടെ പ്രതാപകാലത്തെ വില്യം ലോഗൻ ഇങ്ങനെ രേഖപ്പെടുത്തുന്നു: (ബേപ്പൂർ പുഴയിലൂടെ കോഴിക്കോടുനിന്ന്) വരൾച്ചയുടെ മൂർധന്യത്തിൽപോലും ചെറുകിട വഞ്ചികൾക്ക്,(ചെക്കുന്ന്മലയുടെ മുകൾഭാഗമായ) ഒട്ടകമുതുക് (കേമൽ ഹമ്പ്) നിഴൽ വിരിക്കുന്ന മമ്പാട് വരെ സുഗമമായി സഞ്ചരിക്കാൻ കഴിയും. ഇവിടെയും അരീക്കോടും കാലങ്ങളായി വാസമുറപ്പിച്ച മുഹമ്മദൻ കച്ചവടക്കാരുടെ കോളനികൾ ഉണ്ട്. ബേപ്പൂർ പുഴയിലെ മണ്ണ്, മലബാറിലെ പശ്ചിമഘട്ടത്തിൽ നിന്ന് ഉറവെടുക്കുന്ന എല്ലാ നദികളെയും പോലെത്തന്നെ സ്വർണ്ണ അയിരുകൾ കലർന്നതാണ്. ഇക്കാലത്തു പോലും തദ്ദേശവാസികളിൽ താഴെക്കിടയിലുള്ളവർ ഓരോ വർഷത്തെയും മലവെള്ളപ്പാച്ചിൽ കഴിഞ്ഞാൽ ഈ പുഴകളിലെ മണൽ വാരി അരിച്ചു നോക്കുന്നതു കാണാം, ഒരു ജീവിതമാർഗ്ഗമെന്ന നിലയിൽ.

പശ്ചിമഘട്ടത്തിൽ നിന്നുതന്നെ ഉയിരെടുക്കുന്ന നിളയുടെ മണപ്പുറത്താണ് ചരിത്രപ്രസിദ്ധമായ മാമാങ്കം അരങ്ങേറിയിരുന്നത്. മലപ്പുറത്തിന്റെ രാഷ്ട്രീയ ഭൂപടം നിശ്ചയിക്കുന്നതിന് ആ യുദ്ധഭൂമിക്ക് വലിയ പങ്കുണ്ട്. നിളയിലേക്ക് ചേരുന്ന ചെറുപുഴകളിലൂടെ, മാമാങ്കത്തിലെ നിലപാടു തറയിലേക്ക് സാമൂതിരിയോട് ഏറ്റുമുട്ടാൻ നോമ്പെടുത്ത് തുഴഞ്ഞുപോയ ധീരചെറുപ്പക്കാരുടെ പുറപ്പാടിടമാണ് വള്ളുവനാടിന്റെ തലസ്ഥാനമായിരുന്ന അങ്ങാടിപ്പുറം. ഭാരതപ്പുഴയിലേക്ക് ഒഴുകിയെത്തുന്ന തിരൂർ പൊന്നാനിപ്പുഴയുടെ തീരത്തുള്ള തുഞ്ചൻപറമ്പിലാണ് തുഞ്ചത്തെഴുത്തച്ഛന്റെ നാട്. ബ്രിട്ടീഷുകാരോട് പോരാടിയ മാപ്പിളമാരുടെ സമരങ്ങൾക്ക് ഒളിത്താവളവും രഹസ്യസഞ്ചാരമാർഗ്ഗവും ഒരുക്കിയത് ചാലിയാറിന്റെയും കടലുണ്ടിപ്പുഴയുടെയും ആഴവും തീരവുമായിരുന്നു. 1921 ലെ മാപ്പിള പടയോട്ടക്കാലമായ മേയ് പകുതി മുതൽ ഒക്ടോബർ അവസാനംവരെ ഇടമുറിയാതെ പെയ്യുന്ന മഴയും പുഴകളും ബ്രിട്ടീഷ് സൈന്യത്തെ എങ്ങനെ വിഷമിപ്പിച്ചുവെന്ന് വെള്ളക്കാരെഴുതിവെച്ച ഒട്ടനവധി പട്ടാള ക്കുറിപ്പുകളിൽ തുറന്നുപറയുന്നുണ്ട്.



ഈ ജലപാതകൾ ഉപേക്ഷിച്ച് മലപ്പുറത്തിന്റെ കരകളിലൂടെ വീതിയേറിയ കരമാർഗ്ഗങ്ങൾ ആദ്യമായി നിർമ്മിച്ചത് മൈസൂർ സുൽത്താന്മാരാണ്. മലപ്പുറത്തിന്റെ ആധുനികതയിലേക്കുള്ള ചക്രങ്ങളുരുണ്ടത് ആ മൺവഴികളിലൂടെയായിരുന്നു എന്നത് ചരിത്രം. അതോടെ ജലസമൃദ്ധിയെ ചുറ്റിപ്പറ്റിയുള്ള പട്ടണങ്ങൾ കരകളിലേക്ക് നീളുകയും ജനപദങ്ങളുടെ വ്യാപനത്തിനും ഉപജീവനത്തിനും പുതിയ ആവാസഭൂമികൾ ലഭിക്കുകയും ചെയ്തു. അരീക്കോട്, മമ്പാട്, വാഴക്കാട്, പൊന്നാനി പോലുള്ള പ്രാചീന പട്ടണങ്ങൾക്കു പുറമേ നിലമ്പൂർ, കൊണ്ടോട്ടി, മലപ്പുറം, തിരൂർ, പെരിന്തൽമണ്ണ പോലുള്ള പുതിയ വിപണന/വിനിമയ കേന്ദ്രങ്ങൾ ഉണ്ടായി. കുടിയേറ്റങ്ങളുണ്ടായി. മലപ്പുറത്തിന്റെ ചരിത്രത്തിലെ ഇത്തരം വ്യത്യസ്തതകളെ കണ്ടെടുക്കാതെ അവരുടെ സാംസ്കാരിക സവിശേഷതകളെക്കുറിച്ചുള്ള വിശകലനങ്ങൾ പൂർണ്ണമായിക്കൊള്ളണമെന്നില്ല.

**സമൂഹനിർമ്മിതിയുടെ അടിത്തറ**

മലപ്പുറം ജില്ലയുടെ ജനസംഖ്യയിൽ അറുപത്തഞ്ച് ശതമാനവും മുസ്ലീങ്ങളാണ്. ദലിത് വിഭാഗങ്ങളിൽ നിന്ന് മതംമാറി വന്നവരാണ് ഈ ജില്ലയിലെ ഭൂരിപക്ഷം മുസ്ലീങ്ങളും. ടിപ്പു സുൽത്താന്റെ മരണത്തിനു മൂന്നു പതിറ്റാണ്ടുകൾക്ക് ശേഷമാണ് (1831 മുതൽ 1851 വരെ) വലിയ തോതിലുള്ള മുസ്ലീം ജനസംഖ്യാ വർദ്ധന മലപ്പുറത്തുണ്ടായത് എന്നതിന് തെളിവുകളുമുണ്ട്. മുപ്പത് ശതമാനം ഹിന്ദുവിഭാഗവും മൂന്ന് ശതമാനം ക്രിസ്ത്യാനികളും ഈ ജില്ലയിൽ ഇപ്പോൾ സ്ഥിരതാമസക്കാരാണ്. ഹിന്ദുജനതയിൽ ഒമ്പത് ശതമാനത്തിലധികം പട്ടികജാതിയിൽപ്പെട്ടവരാണ്. ആദിവാസി വിഭാഗങ്ങളുടെയും ആനുപാതിക പ്രാതിനിധ്യം ജില്ലയിലുണ്ട്. എങ്കിലും മലപ്പുറത്ത് ലഭിക്കുന്ന എന്തും മുസ്ലീങ്ങൾക്കുമാത്രം ലഭിക്കുന്നതാണ് എന്ന ധാരണ സംസ്ഥാനത്തൊട്ടാകെ നിലനിൽക്കുന്നു. നേരത്തേ സൂചിപ്പിച്ച മലപ്പുറം ഭയത്തിന്റെ ഉപോൽപന്നമാണ് അതും. മലപ്പുറത്ത് കോളേജും യൂണിവേഴ്സിറ്റിയും വ്യവസായവും വികസനവും വരുന്നതൊക്ക മുസ്ലീങ്ങൾക്കുമാത്രം അനർഹമായി നൽകുന്നതാണ് എന്ന രീതിയിലാണ് പല പാർട്ടികളും സാമുദായിക സംഘടനകളും പ്രചരിപ്പിച്ചത്.



മലപ്പുറത്തിന്റെ സാംസ്കാരിക ഭൂമിക രൂപപ്പെട്ടതിനു പിന്നിലുള്ള സാമുദായിക പശ്ചാത്തലം കേരളത്തിലെ മറ്റു ജില്ലകളിൽ നിന്ന് പൊതുവെ വ്യത്യസ്തമാണ് എന്നതിൽ സത്യമുണ്ട്. കേരളത്തിലെ മറ്റു പ്രദേശങ്ങളെക്കാൾ ബ്രിട്ടീഷ് അധികാരികളോട് ഏറെക്കാലം പലമട്ടിൽ ചെറുത്തുനിന്നതിന്റെ നൂറ്റാണ്ടു നീണ്ട ചരിത്രം മലപ്പുറത്തിന്റെ വളർച്ചയെ രൂപപ്പെടുത്തുന്നതിന് വലിയ പശ്ചാത്തലമായിട്ടുണ്ട് എന്നാണ് പ്രധാന വസ്തുത. ഖിലാഫത്ത് സമരങ്ങൾക്കു ശേഷം സാമ്പത്തികമായും സാമൂഹികമായും രാഷ്ട്രീയമായും തളർന്ന ഈ ജില്ലയെ സാമുദായികമായ തിരിച്ചറിവുകളാണ് നേരെ നിർത്തിയത്. സാമുദായിക രാഷ്ട്രീയ സംഘടനകളും മതസംഘടനകളും ഇക്കാര്യത്തിൽ പലനിലക്കും പ്രവർത്തിച്ചിട്ടുണ്ട്. ജില്ലയിൽ നിന്ന് ഇതര ദേശങ്ങളിലേക്ക് വലിയ തോതിൽ നടന്ന കുടിയേറ്റത്തിനു പിന്നിലും സാമൂഹികമായ അരക്ഷിതാവസ്ഥയായിരുന്നു കാരണം. മുസ്ലീം സമുദായത്തിന്റെ പിന്നാക്കാവസ്ഥ എന്ന യാഥാർത്ഥ്യത്തെ പലരും ഉൾക്കൊള്ളുമെങ്കിലും അതിന്റെ കാരണങ്ങൾ യുക്തിപരമായി അന്വേഷിക്കാൻ കൂടി തുനിഞ്ഞുവെങ്കിൽ പല ആശയക്കുഴപ്പങ്ങളും ഒഴിവാക്കാമായിരുന്നു. തെക്കൻ കേരളത്തിലെ മുസ്ലീങ്ങളിൽ നിന്ന് ഭിന്നമായി എന്തുകൊണ്ട് മലബാറിലെ മുസ്ലീങ്ങൾ പിന്നാക്കമായി എന്നും മലബാറിൽ പൊതുവെ മുസ്ലീങ്ങളുടെ ജീവിതാവസ്ഥകളിൽ നിന്ന് മലപ്പുറം എങ്ങനെ പിന്നാക്കമായി എന്നും പഠിക്കേണ്ടതുണ്ട്. തിരുവിതാംകൂറിലെ ഉദ്യോഗ സ്ഥാനങ്ങളിൽ മുസ്ലീങ്ങളടക്കമുള്ളവരെക്കൂടി പരിഗണിക്കണം എന്ന ആവശ്യമുന്നയിച്ച് 1932 ൽ അവിടെ 'നിവർത്തന പ്രക്ഷോഭം' നടന്ന കാലത്ത് മലപ്പുറത്താകട്ടെ, ബ്രിട്ടീഷുകാരുമായി പോരടിച്ച് ആണുങ്ങളില്ലാതായ ഒരു ദേശത്തെ, യത്തീംഖാനകളും മദ്റസകളും നിർമ്മിച്ച് പുനരധിവസിപ്പിക്കുന്ന വെപ്രാളത്തിലായിരുന്നു മുസ്ലീംസമുദായം. ബെല്ലാരിയിലും അന്തമാനിലും ജയിലിൽ കഴിയുന്ന ആണുങ്ങളെ തിരിച്ചുകൊണ്ടുവരാനും അവരുടെ കുടുംബാംഗങ്ങളെ അവിടേക്ക് പറിച്ചു നടാനും പെടാപാടു പെടുകയായിരുന്നു വെള്ളക്കാരുടെ സർക്കാർ. ഖിലാഫത്ത് പ്രക്ഷോഭം അവസാനിച്ചശേഷം അതു നൽകിയ ദുരിതജീവിതത്തിൽ നിന്ന് കരകയറാൻ മാപ്പിളമാർ നടത്തിയ ആഭ്യന്തര



പ്രക്ഷോഭങ്ങളുടെ അര നൂറ്റാണ്ടാണ് 1921 മുതൽ 1970 വരെയുള്ള മലപ്പുറത്തിന്റെ ചരിത്രം. ഗൾഫ് പണമാണ് ജില്ലയെ തളരാതെ താങ്ങിനിർത്തുന്നത്. ആ മരുഭൂമിയാണ് ഈ ജില്ലയുടെ പട്ടിണിയും പരിവട്ടവും മാറ്റിയത്. അതിനാൽ ഇവിടത്തെ ആണുങ്ങളിൽ ഒരു വലിയ ശതമാനം ഇപ്പോഴും പ്രവാസികളാണ്. ഇത്രയെങ്കിലും മനസ്സിലാക്കാതെ മലപ്പുറത്തുകാരുടെ അന്നത്തെ പിന്നാക്കാവസ്ഥയെക്കുറിച്ച് വാചാലമാകുകയും അവർ ഇന്ന് നിർമ്മിക്കുന്ന കൊട്ടാര സമാനമായ വീടുകളെക്കണ്ട് അന്തംവിടുകയും ചെയ്യുന്നതിൽ അർത്ഥമില്ല. മലപ്പുറത്തെ ജനകീയ സംസ്കാരത്തിന്റെ അടരുകളെ വിശകലനം ചെയ്യാനും ഇക്കാര്യങ്ങൾ അടിസ്ഥാനപരമായി ഉൾക്കൊള്ളേണ്ടതുണ്ടെന്നതാണ് ഇത്രയും വിശദമായ ആമുഖത്തിന്റെ പ്രസക്തി.

**ജനകീയ സംസ്കാരത്തിന്റെ കളിക്കളങ്ങൾ**

സമൂഹത്തിന്റെ ബൗദ്ധികവും സാംസ്കാരികവും സൗന്ദര്യാത്മകവുമായ അവസ്ഥയെയാണ് പുതിയകാലം സംസ്കാരം എന്നു വിളിക്കുന്നത്. ഉന്നതവും വരേണ്യവുമായ അധീശസംസ്കാരത്തിനു താഴെ വൈകാരികത കൂടുതലുള്ള അടിസ്ഥാന സമൂഹ ഘടനയെ പ്രസ്തുത പഠനമേഖലകൾ 'ജനപ്രിയ സംസ്കാരം'(പോപ്പുലർ കൾച്ചർ)എന്നു വിളിക്കുന്നു. സംഘടിതമായ പെരുമാറ്റങ്ങളും ബോധങ്ങളുമാണ് ജനകീയ സംസ്കാരത്തിന്റെ കാതൽ. ഈ ജനപ്രിയ സംസ്കാരത്തെ ഉൽപ്പാദിപ്പിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന ബോധത്തിന് ആ സമൂഹഘടനക്കുമേൽ അധികാരമുണ്ട്. പ്രത്യയശാസ്ത്രപരവും സാമ്പത്തികവുമായ ലാഭങ്ങളും ആ ഉൽപ്പാദന/വിതരണ ബന്ധങ്ങൾക്കുണ്ട്. ജനപ്രിയസംസ്കാരത്തെ സമൂഹത്തിന്റെ ബഹുതല മേഖലകളിലേക്ക് വിനിമയം ചെയ്യുന്ന അധികാരത്തെ കൈയാളുന്നത് ആരാണെന്ന് വിശകലനം ചെയ്താൽ പൊതുസമൂഹ മനസ്സിനെ സ്വാധീനിച്ച ഘടകങ്ങളെ കണ്ടെത്താൻ എളുപ്പമാകും. മലപ്പുറത്തിന്റെ ജനകീയ സംസ്കാരത്തെ നിയന്ത്രിക്കുന്ന ബോധതലത്തിന്റെ അധികാരം, പലപ്പോഴും പലരും പേടിക്കുന്നതുപോലെ ഇസ്ലാംമതത്തിന് മാത്രമല്ല എന്ന് വ്യക്തമാണ്. മലപ്പുറത്തെ ഏതൊരു ചലനങ്ങൾക്കു പിന്നിലും ഇസ്ലാമിന്റെ പ്രത്യയശാസ്ത്രം തിരയുന്ന പൊതുമതേതര ബുദ്ധിജീവിതങ്ങളും മാപ്പിളമാരുടെ



ഏനക്കേടുകളെ ചികിത്സിക്കാൻ 'ഇസ്ലാമിക'മായ പരിഹാരങ്ങളെമാത്രം തേടുന്ന മതനേതൃത്വവും ഈ വസ്തുത മനസ്സിലാക്കേണ്ടതുണ്ട്.

മലപ്പുറത്തെ ജനപ്രിയമായ ആനന്ദാഭിരുചികളെ നാല് തലങ്ങളായി വിഭജിക്കാനാകും. പരസ്പരം ചേരാത്തവിധം അടഞ്ഞതല്ല ഈ വിഭജനം. മറിച്ച് ചില പൊതുസവിശേഷതകളെ മുൻനിർത്തി വ്യത്യസ്ത സ്വഭാവങ്ങൾ പുലർത്തുന്നവയാണ്. അവയോരോന്നും മലപ്പുറത്തിന്റെ ജനപ്രിയതകളെ നിയന്ത്രിച്ചതെങ്ങനെയെന്നും നിർണ്ണയിച്ചതെങ്ങനെയെന്നും ഉള്ള പരിശോധനയാണ് മലപ്പുറത്തിന്റെ സംസ്കാരത്തെ സമഗ്രമായി പഠിക്കുന്നതിന് എളുപ്പമാവുക എന്നതാണ് ഈ വിഭജനത്തിന്റെ പ്രസക്തി.

**(1) മതാത്മക ജനപ്രിയത**

മതാത്മകവും സൗന്ദര്യാത്മകവുമായ ജനപ്രിയമേഖലകളാണ് ഒന്നാമത്തേത്. ഇസ്ലാംമതത്തിന്റെ വ്യാഖ്യാനാത്മകമായ ഭാഗങ്ങളിലുള്ള തർക്കമാണ് ഒട്ടേറെ മതസംഘടനകളായി മുസ്ലീംസമുദായം എവിടെയും ഭിന്നിക്കപ്പെടാൻ കാരണം. അതിൽ ഏറെക്കുറെ എല്ലാ ആശയവിഭാഗങ്ങൾക്കും മലപ്പുറത്ത് അണികളും വേദികളുമുണ്ട്. അത്തരം മതാദർശത്തിന്റെ ഭാഗമായ വിവിധ സംഘടനാ സംവിധാനങ്ങളും മലപ്പുറത്ത് സജീവമാണ്. മുസ്ലീങ്ങൾ ഭൂരിപക്ഷമാണ് എന്നത് ഈ ബഹുലസാന്നിധ്യത്തിന് പ്രധാന കാരണമാണെങ്കിലും മുസ്ലീം സാമാന്യജനവിഭാഗത്തിലെ ഭൂരിപക്ഷം പേരും സമസ്ത എന്നറിയപ്പെടുന്ന ആദർശസംഘങ്ങൾക്കു കീഴിൽപെടുന്നവരാണ്. പൊതുവെ ഒരു മതസംഘടനയിലും സജീവാംഗത്വമില്ലാത്ത മുസ്ലീങ്ങൾ പോലും 'സുന്നികൾ' എന്ന് വിശേഷിപ്പിക്കുന്ന ഈ മതവേദിയുടെ ആളുകളായാണ് സ്വയം മനസ്സിലാക്കുന്നത്. സുന്നികളല്ലാത്ത (സമസ്ത സംഘടനകളോട് അഫിലിയേറ്റ് ചെയ്യാത്ത) മറ്റെല്ലാ മതസംഘങ്ങളെയും പുത്തൻവാദമായാണ് (ബിദ്ഇ) പ്രധാന സമസ്തക്കാരായ എ.പി.വിഭാഗവും ഇ.കെ.വിഭാഗവും വിശ്വസിക്കുന്നതും പ്രചരിപ്പിക്കുന്നതും. പൊതു മുസ്ലീം പ്രശ്നങ്ങളിൽ പോലും പരസ്പരം ചേരാത്ത നിലപാടുകൾ നിലനിൽക്കെതന്നെ മുസ്ലീം ഐക്യത്തിനുവേണ്ടിയുള്ള വലിയ ചർച്ചകൾ കാലങ്ങളായി ഈ മതസംഘടനകൾക്കിടയിൽ സജീവമാണ്.



അതോടൊപ്പം രക്തച്ചൊരിച്ചിൽ വരെ എത്തുന്ന സംഘട്ടനങ്ങളും ഈ മതഗ്രൂപ്പുകൾ തമ്മിലുണ്ടാകാറുണ്ട്. ആദർശപരമായുള്ള അവരുടെ വാദപ്രതിവാദങ്ങളും അവ വിശദീകരിക്കുന്ന വഅദ്(പ്രസംഗ)പരമ്പരകളും സമ്മേളനങ്ങളും മതകഥകളുടെ അവതരണങ്ങളായ ഇസ്ലാമിക കഥാപ്രസംഗ വേദികളും നേർച്ചകളും ഉറൂസുകളും വരെ ഈ മതസംഘടനകളുടെ നേതൃത്വത്തിലും ആശീർവാദത്തിലും ജനപ്രിയ ആഘോഷങ്ങളായി നടന്നുവരുന്നു.

നേരത്തേ സൂചിപ്പിച്ച പാരമ്പര്യ ഇസ്ലാമിക ഗ്രൂപ്പുകളായ 'സമസ്ത' സംഘടനകൾ ഇത്തരം ബഹുജന ആനന്ദങ്ങളെയൊന്നും പ്രായോഗികതലത്തിൽ നേരിടുകയോ എതിർക്കുകയോ ഇല്ല എന്നതാണ് വാസ്തവം. സാമുദായിക രാഷ്ട്രീയ പാർട്ടികളുടെയും മതേതര പാർട്ടികളുടെ സാമുദായിക പിന്തുണയുടെയും ശക്തമായ സ്വാധീനം ഇത്തരം ജനക്കൂട്ട ആഘോഷങ്ങൾക്ക് പിന്നിലുണ്ട് എന്നതിനാൽ കേവലം ആശയതലത്തിലല്ലാതെ പ്രയോഗിക തലത്തിൽ അതിനെ നേരിടുന്നതിൽ പാരമ്പര്യ ഇസ്ലാമിക സംഘടനകൾ പ്രതിസന്ധിയിലാണുതാനും. നേർച്ചകളോടനുബന്ധിച്ച് നടക്കുന്ന ആനച്ചമയങ്ങൾ, ശിങ്കാരിമേളങ്ങൾ, വിപണന കാർണിവലുകൾ, ജനങ്ങൾ കൂട്ടംകൂട്ടമായി ഒഴുകിനിറയുന്ന തെരുവ് ആഘോഷങ്ങൾ ഒക്കെയും ബഹുജനമുസ്ലീങ്ങളുടെ കൂട്ടായ പങ്കാളിത്തത്തോടെത്തന്നെ നടന്നുവരുന്നു. എന്നാൽ സമസ്ത സംഘടനകൾ ഇസ്ലാമികാദർശത്തിന് പുറത്തുനിർത്തുന്ന പുരോഗമനാത്മക സ്വഭാവമുള്ള മുസ്ലീം സംഘങ്ങളാകട്ടെ, ഇത്തരം ജനപ്രിയ ആഹ്ലാദങ്ങളെ അനിസ്ലാമികമെന്ന് ആക്ഷേപിക്കുകയും അത് മതത്തിൽ നിന്നുള്ള വ്യതിയാനമാണെന്ന് പ്രഖ്യാപിക്കുകയും ചെയ്യുകയുമാണ് പതിവ്. അനാചാരം, പുത്തൻനിർമ്മിതി, അന്യമതസ്വാധീനം എന്നിവയാണ് ഈ ആഘോഷങ്ങളിൽ അവർ കാണുന്ന പ്രത്യയശാസ്ത്ര പ്രശ്നങ്ങൾ. ഇത്തരം മുസ്ലീം ജനപ്രിയ ആഘോഷങ്ങളിൽ അന്യസമുദായാംഗങ്ങളും പലപ്പോഴും സജീവമായി പങ്കെടുക്കാറുണ്ട് എന്നതും പ്രധാനമാണ്. മലപ്പുറം നേർച്ചയിലെ തട്ടാന്മാരുടെ പെട്ടിവരവ്, കോട്ടക്കൽ പള്ളിയിലെ പ്രസാദവിതരണം തുടങ്ങിയ പല



അടയാളങ്ങളും ഈ സാംസ്കാരിക സമന്വയത്തെ സാക്ഷ്യപ്പെടുത്തുന്നു. അങ്ങനെ ഈ മതാത്മക ജനപ്രിയത പൊതുജനപ്രിയ സംസ്കാരത്തെ നിർണയിക്കുകകൂടി ചെയ്യുന്നുണ്ട്.

അതിന്റെ ഉത്തമമായ ഉദാഹരണമാണ് മാപ്പിളപ്പാട്ടുപോലെയുള്ള ഒരു മുസ്ലീം സാമുദായിക കലാരൂപവും സാഹിത്യവും എല്ലാ മതക്കാരുടെയും ആസ്വാദനത്തിലെ പ്രധാന വിഭവമായി മാറിയത്. ഒരു കാലത്ത് മുസ്ലീം സമുദായത്തിന്റെ അനുഷ്ഠാനങ്ങളുടെയും ആഖ്യാനങ്ങളുടെയും ഭാഗമായ മാലപ്പാട്ടുകളിൽ നിന്നും മദ്ഹ് കീർത്തനങ്ങളിൽ നിന്നുമാണല്ലോ മാപ്പിളപ്പാട്ടിന്റെ പിറവി. മോയിൻകുട്ടി വൈദ്യരുടെ രചനകളിൽ പലതും 'പാടിപ്പറയൽ' എന്ന കഥാപ്രസംഗ ശൈലിയിലുള്ള ഇസ്ലാമിക കഥാവതരണ വേദികൾക്കായി ഉപയോഗിക്കപ്പെട്ടതാണ്. പടപ്പാട്ടുകളും കിസ്സപ്പാട്ടുകളും അങ്ങനെയാണ് ജനകീയമായി മാറിയത്. ഗൃഹാങ്കണങ്ങളിൽ കുടുംബ ചടങ്ങുകളോടനുബന്ധിച്ച് നടത്തിയിരുന്ന കൈകൊട്ടിപ്പാട്ടാണ് ഒപ്പനയായി രൂപപരിണാമം വരുത്തി അരങ്ങത്ത് അവതരിപ്പിക്കപ്പെട്ടത്. ഇന്നത്തെ ചേലിലുള്ള ഒപ്പന മലപ്പുറത്ത് ഇത്രയും പ്രസിദ്ധമാകുന്നത് എഴുപതുകൾക്ക് ശേഷം മാത്രമാണ് എന്നതാണ് വാസ്തവം.

അതോടൊപ്പം ഹിന്ദുമതത്തിന്റെ പൊതുവായ ഏതാണ്ടെല്ലാ മതാഘോഷങ്ങളിലും ഈ സാമാന്യ മുസ്ലീം ജനക്കൂട്ടവും അനുവാദമുള്ള അത്രയും പങ്കെടുക്കാറുണ്ട്. പൂരം മുതൽ പൂരക്കളിവരെ ഇത്തരം ബഹുമുസ്ലീം പങ്കാളിത്തം കാണാം. മലപ്പുറത്ത് സവിശേഷമായി ഇപ്പോഴും നിലനിൽക്കുന്ന മതസൗഹാർദത്തിന് പ്രധാന കാരണവും ഈ കൂട്ടായ്മകളാണ്. കളിയാട്ടക്കാവ് ഉത്സവം പോലെ മലപ്പുറം ജില്ലയിലെ ചില ദലിത് ക്ഷേത്രാഘോഷങ്ങളിൽ മുസ്ലീം പള്ളിയിൽ നിന്നുള്ള ദക്ഷിണയും വഴിപാടും സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ഇങ്ങനെ മുസ്ലീങ്ങൾ ഹൈന്ദവാഘോഷങ്ങളിൽ പങ്കുപറ്റുന്നതിനെ ബഹുദൈവാ രാധനയോട് ബന്ധപ്പെടുത്തി നേരത്തേ പറഞ്ഞ പുരോഗമന സംഘടനകൾ മതാത്മകമായ അടിസ്ഥാനങ്ങളുന്നയിച്ച് തള്ളിക്കളയുകയാണ് ചെയ്യുക. ഇക്കാര്യത്തിൽ സലഫി സംഘടനകൾ കടുത്ത മതനിലപാടുകളുള്ളവരാണ്.



സംഘടനകൾ തമ്മിലുള്ള ഈ വാദപ്രതിപാദങ്ങൾ പോലും ജനകീയമായ ഉത്സവച്ഛായയിലാണ് അരങ്ങേറുക എന്നതാണ് രസകരം.

മതാത്മകമായ വ്യത്യസ്തതകൾ വെച്ചുപുലർത്തുമ്പോഴും മലപ്പുറത്തെ ദലിത് ജനവിഭാഗങ്ങളുടെയും മാപ്പിളമാരുടെയും കലാരൂപങ്ങളിലും സാമൂഹിക ഗാർഹിക ആചാരങ്ങളിലും മാമൂലുകളിലും കാണുന്ന വലിയ സാമ്യങ്ങൾ പരിശോധിക്കപ്പെടേണ്ടതുണ്ട്. ദലിത് സംഘകലയായ ചവിട്ടുകളിയിൽ (ചെറുമൻ കളി) മമ്പുറം തങ്ങളെക്കുറിച്ചുള്ള പ്രകീർത്തനങ്ങൾ ഇപ്പോഴും പാടാറുണ്ട്. മാപ്പിളകലകളായ കോളാമ്പിപ്പാട്ടിലെയും വട്ടപ്പാട്ടിലെയും പല ഗാനങ്ങളും തമിഴ് കലർന്ന പ്രാചീന പുലവർ കീർത്തനങ്ങളാണ്.

**(2) ബഹുജന കൂട്ടായ്മകൾ**

നേരിട്ട് മതത്തിന്റെ കൈകാര്യകർതൃത്വമില്ലാത്ത ജനകീയ സംസ്കാര മേഖലകളാണ് രണ്ടാമത്തെ ഇനം. കായികവും പൊതുവുമായ ആനന്ദ രംഗങ്ങളാണവ. മലപ്പുറത്തെ കായികവിനോദങ്ങളിൽ ഏറ്റവും അധികം മലപ്പുറത്തും പ്രകടിപ്പിക്കുന്നവ കാളപൂട്ടും കാൽപന്തുകളിയുമാണ്. ഏരു(കാലി)കളുടെ നാടായതുകൊണ്ടാണ് 'ഏറനാട്' എന്ന ദേശനാമമുണ്ടായതെന്ന നിഗമനം സാധുവാണ്. പണ്ടേ കൃഷിയും കാലിവളർത്തലും പ്രധാന ഉപജീവനമാർഗമായതിനാൽ കാളകളുമായി ബന്ധപ്പെട്ട ആഘോഷങ്ങളും മത്സരങ്ങളും മലപ്പുറത്ത് കാലങ്ങൾക്ക് മുമ്പേ ഉണ്ടായിരിക്കാനും വഴിയുണ്ട്. കൃഷിക്കണ്ടങ്ങളിൽ തുലാം, വൃശ്ചിക മാസങ്ങളിൽ വയലുകൾ കൃഷിക്ക് സജ്ജമാക്കാൻ പൂട്ടിയൊരുക്കുന്ന വേളയിലാണ് പണ്ടുകാലത്ത് ഈ കാളയോട്ടവിനോദം നടന്നിരുന്നത്. ഇന്ന് അത് പ്രത്യേകം സജ്ജമാക്കിയ കാളപൂട്ട് കളങ്ങളിൽ വമ്പിച്ച ജനപങ്കാളിത്തത്തോടെ നടക്കുന്നു. മത്സരത്തിനുവേണ്ട കാളകളെ തയാറാക്കുന്നതും മെരുക്കിയെടുക്കുന്നതും ഈ ജനകീയ മത്സരത്തിന്റെ ഭാഗമാണ്.

വെള്ളപ്പട്ടാളക്കാരാണ് മാപ്പിളമാരെ കാൽപന്തുകളി പഠിപ്പിച്ചത്. മലപ്പുറത്തെ കവാത്തുപറമ്പിൽ ബ്രിട്ടീഷ് ഉദ്യോഗസ്ഥരുടെ കാൽപന്തുകളിയുടെ കാഴ്ചക്കാരായിരുന്ന മാപ്പിളമാർ പിന്നെപ്പിന്നെ അവരോടൊപ്പം ചേർന്ന് കളിപഠിച്ച്



സായിപ്പുകാരെത്തന്നെ തോൽപിച്ച കഥ പഴമക്കാർ ഇപ്പോഴും വീരേതിഹാസ ചാരുതയോടെ വർണ്ണിക്കാറുണ്ട്. ഖിലാഫത്ത് പടയിൽ തോൽവിയടഞ്ഞ പിതാക്കളുടെ ആദ്യ പിന്മുറക്കാർ ഫുട്ബാൾ പടയിൽ വെള്ളക്കാരെ തോൽപിച്ചു വിട്ടതിൽ ചരിത്രത്തിന്റെ ഗൂഢമായ രസക്കളി കാണാം. ലോകകപ്പ് മുതൽ ക്ലബ് ഫുട്ബാൾ മത്സരങ്ങൾ വരെ മലപ്പുറത്തെ തെരുവുകളിൽ ഇന്ന് ഓളങ്ങളുണ്ടാക്കുന്നു. സെവൻസ് മൈതാനങ്ങളിൽ രാവും പകലും കൃത്രിമവെളിച്ചത്തിൽ കളിനടക്കുന്നത് കാണാൻ ആയിരങ്ങൾ ഒഴുകിയെത്തുന്നു. കളിയുടെ ആവേശം മൺമൈതാനത്തുനിന്ന് 'ടർഫ് കോർട്ടി' ലേക്ക് മാറ്റിനട്ടതാണ് മലപ്പുറത്തിന്റെ പുതിയ ഫുട്ബാൾ അധ്യായം. ഗ്രൗണ്ടിനുചുറ്റും ഒരു പന്തിന്റെ പാച്ചിലിൽ ശ്രദ്ധിച്ച് കണ്ണുംനട്ടിരിക്കുന്നു നാനാവിധ ജനങ്ങൾ ഒരാരവത്തിന്റെ ഭാഗമായി മാറുന്ന സാമൂഹിക പുനഃക്രമീകരണമാണ് പന്തുകളി സൃഷ്ടിക്കുന്നത്. സംഘടനാപരമായ വിഭാഗീയതകൾക്കും മത-ജാതി വിഭജനങ്ങൾക്കും അപ്പുറമുള്ള ഒരു കൂട്ടായ്മ ഈ കളിക്കളങ്ങൾ സ്വരൂപിച്ചുവെക്കുന്നു.

മലപ്പുറത്തിനുകൂടി സജീവ പങ്കാളിത്തമുള്ള കേരളത്തിന്റെ തനത് ആയോധനകലയായ കളരിപ്പയറ്റിനും കോൽക്കളി എന്ന മാപ്പിള കലാരൂപത്തിനും തമ്മിൽ അവതാരമുറയിലും ശരീരഭാഷയിലും ബന്ധം കാണാം. കോഴിക്കോടൻ കോൽക്കളി താളത്തിൽ നിന്ന് അൽപ്പം മുറുകിയതും അഭ്യാസവഴക്കങ്ങൾ കൂടുതലുള്ളതുമാണ് കോൽക്കളിയുടെ മലപ്പുറം ശൈലി എന്ന നിരീക്ഷണവും ഉണ്ട്.

മലപ്പുറത്തിന്റെ മതേതരമായ ജനപ്രിയതയെ പരിപോഷിപ്പിക്കുന്ന മറ്റൊരു ആനന്ദവേദിയാണ് പൊതു കാർണിവലുകളും ചന്തകളും. നേരത്തേ മതാഘോഷങ്ങളുടെ ഭാഗമായ നേർച്ചകളോടും ഉത്സവങ്ങളോടും അനുബന്ധിച്ചുണ്ടായിരുന്ന ഈ ജനകീയ ചന്തകൾ ഷോപ്പിങ് ഫെസ്റ്റിവലുകളായി മാറിയത് ഗൾഫ് സ്വാധീനവും അതുണ്ടാക്കിയ സാമ്പത്തിക സുസ്ഥിരതയും കൊണ്ടാണ്. ജനങ്ങളുടെ ഉപഭോഗശേഷി (പർച്ചേസ് കപ്പാസിറ്റി) വർധിച്ചതും വീടകങ്ങളിൽ നിന്ന് സ്ത്രീകൾ പുറത്തിറങ്ങുന്ന സാമൂഹിക സാഹചര്യം കൂടുതലായതും ഈ ഷോപ്പിങ് ആഘോഷങ്ങൾ പട്ടണങ്ങളിൽ വ്യാപകമാക്കി.



### (3) കേൾവി യന്ത്രങ്ങളും കാഴ്ച യന്ത്രങ്ങളും

സാങ്കേതികവും സാർവ്വലൗകികവുമായ ജനപ്രിയ സംസ്കാരത്തിന്റെ മേഖലകളെ മലപ്പുറത്തിന്റെ പൊതുമനസ്സ് എങ്ങനെയാണ് സ്വീകരിച്ചത് എന്ന പരിശോധനയാണ് മൂന്നാമത്തേത്. ആധുനികതയെയും സാങ്കേതികവിദ്യയെയും മലപ്പുറത്തെ ജനത എപ്പോഴും ആഹ്ലാദപൂർവമാണ് ആനയിച്ചത് എന്ന് 'തീവണ്ടിച്ചിന്ത്' എന്ന, മോയിൻകുട്ടി വൈദ്യർ രചനയെ മുൻനിർത്തി ഡോ.ഹിക്മത്തുല്ല നടത്തിയ സാമൂഹികനിരീക്ഷണങ്ങൾ പ്രസക്തമാണ്. മാപ്പിളമാരുടെ വീടകങ്ങളിലേക്ക് എത്തിനോക്കിയ ആദ്യ സാങ്കേതിക ജനകീയ ഉപകരണം റേഡിയോ ആണ്. 1943-ൽ തിരുവനന്തപുരം റേഡിയോ നിലയം സ്ഥാപിക്കുന്ന കാലത്ത് മലപ്പുറത്തെ ജനങ്ങളിൽ ആർക്കെങ്കിലും റേഡിയോ ഉണ്ടായിരുന്നുവെങ്കിൽ അവർ ശ്രവിച്ചിരിക്കുക, ഒരുപക്ഷേ മദിരാശി നിലയത്തിൽ നിന്ന് പുറത്തുവിടുന്ന മലയാളം പരിപാടികളായിരിക്കണം. മലപ്പുറത്ത് റേഡിയോ വ്യാപകമാകുന്നത് അവരുടെ പ്രവാസ ചരിത്രത്തിന്റെ തുടക്കകാലത്താണ്. മുംബൈ മുതൽ സിംഗപ്പൂർ വരെ ദേശങ്ങളിലേക്ക് പട്ടാളക്കാരായും കച്ചവടക്കാരായും നാടുവിട്ട മാപ്പിളമാരാണ് ഈ അത്ഭുത പാട്ടുയന്ത്രവുമായി മലപ്പുറത്ത് ആദ്യമായി വണ്ടിയിറങ്ങിയത്. ഈ ട്രാൻസിസിസ്റ്റർ റേഡിയോ വളരെ വേഗം കാസറ്റുകളിലൂടെ കേൾക്കാവുന്ന ടേപ്പ് റെക്കോഡർ പാട്ടുയന്ത്രത്തിലേക്ക് വഴിമാറി. ഓഡിയോ ഗാനങ്ങളുടെ പുതിയ വിപണിയും ആവിഷ്കാരവും ജനപ്രിയതയുടെ പ്രധാന മേഖലയായി മാറി. മാപ്പിളപ്പാട്ടുകളുടെ പ്രചാരവും ആസ്വാദനവും കേരളത്തിനുപുറത്തേക്കും നീണ്ടു.

കടലിനോടും കപ്പൽചൊരുക്കിനോടും മല്ലിട്ട് അറബ്നാടുകളിലേക്ക് പൊന്നുതേടിപ്പോയ പ്രവാസികളുടെ ആദ്യ തലമുറതന്നെ കേൾവിയുടെ ആ ആനന്ദങ്ങളെ കാഴ്ചയുടെ പുതുലോകത്തിലേക്ക് കയറ്റിവിട്ടു. സിനിമാ കൊട്ടകകളിലൂടെയാണ് കാഴ്ചയുടെ ആഘോഷങ്ങൾ മലപ്പുറം ആദ്യഘട്ടത്തിൽ സ്വീകരിക്കുന്നത്. മതാത്മകമായ വിലക്കുകളെയെല്ലാം മറികടന്ന് മലപ്പുറത്തിന്റെ ആസ്വാദനത്തിന്റെ നേർകാഴ്ചകൾ പട്ടണങ്ങളിലെ ടാക്കീസുകളിലേക്ക് ഒഴുകിയെത്തി. മലയാള സിനിമയുടെ ആദ്യകാലം മുതലേ മലബാറിലെ മുസ്ലീം



പ്രേക്ഷകരെ ഉന്നംവെച്ച പാട്ടുരംഗങ്ങളും ഹാസ്യകഥാപാത്രങ്ങളും ജനപ്രിയസിനിമകളുടെ ചേരുവകളായി.

1982 ൽ മലപ്പുറത്തും ദൂരദർശന്റെ പ്രക്ഷേപണമെത്തി. ഏതൊരു ജനപദത്തിലുമെന്നപോലെ ടെലിവിഷൻ മലപ്പുറത്തിന്റെയും കാഴ്ചയുടെയും അഭിരുചികളുടെയും ചിത്രം മാറ്റിവരച്ചു. മതവേദികൾ നിർണയിച്ച കാഴ്ചയുടെ അതിരുകൾ മാപ്പിള സംസ്കാരത്തിൽ ടെലിവിഷൻ വിശാലമാക്കി. മലപ്പുറത്ത് അന്നേവരെ ജനപ്രിയമല്ലാതിരുന്ന ക്രിക്കറ്റ് പോലുള്ള പുറംകളികളെ അത് ജനകീയമാക്കി മാറ്റി. രാമായണത്തിലെയും മഹാഭാരതത്തിലെയും കഥകൾ കുട്ടികൾക്ക് മനഃപാഠമായി. ഹിന്ദി ഇഷ്ടവിഷയമായി. തൊണ്ണൂറുകളുടെ അവസാനത്തിൽ മതപ്രസംഗവേദികളിൽ നിന്ന് മതപ്രബോധന പ്രസംഗങ്ങൾ സീഡി വട്ടത്തിലേക്ക് ചുവടുവെക്കുകയും തെരുവിൽ നടന്നിരുന്ന മതവാദ പ്രതിവാദങ്ങൾ പലരൂപത്തിലും വീട്ടിനകത്തേക്ക് പ്രവേശിക്കുകയും ചെയ്തു. മലപ്പുറത്തുനിന്ന് ആരംഭിച്ച് കേരളമാകെ പടർന്നു പിടിച്ച 'ഹോം സിനിമ' എന്ന പുതിയ ദൃശ്യരൂപം മലയാളികളുടെ കാഴ്ചയുടെ ശീലങ്ങളെപ്പോലും പുനർനിർണയിച്ചു. വീഡിയോ ആൽബങ്ങളിലൂടെ പുതുമാപ്പിള തലമുറയുടെ അഭിരുചികൾ പഴയകാല പ്രണയ മാപ്പിളപ്പാട്ടുകളെ കാഴ്ചപ്പെടുത്തി. ഇന്റർനെറ്റ് വ്യാപകമായപ്പോഴേക്കും മാപ്പിള എന്ന സാമുദായിക സവിശേഷത ഏറെക്കുറെ അലിഞ്ഞില്ലാതെയായി കഴിഞ്ഞിരിക്കുന്നു. പുതിയ വാർത്താവിനിമയ സാമൂഹിക മാധ്യമങ്ങൾ സൃഷ്ടിച്ച ആഗോള മനുഷ്യരിൽ അവശേഷിക്കുന്ന മാപ്പിളത്തങ്ങൾ ട്രോളുകളിലും യുട്യൂബ് വീഡിയോകളിലും പരമാവധി പ്രകടിപ്പിച്ച് മലപ്പുറത്തിന്റെ ജനപ്രിയത ഒഴുകിപ്പരക്കുന്നു.

**(4) പച്ചകുത്തിയ പാടുകൾ**

പച്ചകുത്തിയപോലെ സമൂഹ ശരീരത്തിൽ എപ്പോഴും അവശേഷിക്കുന്ന ചില തനിമകളുണ്ട്. മലപ്പുറം മാപ്പിളയുടെ എത്ര മായ്ച്ചാലും മായാത്ത പ്രസ്തുത അടയാളങ്ങളാണ് നാലാമത്തേത്. ഭാഷ, ഭക്ഷണം, ഫാഷൻ, എടുപ്പ്, ഉടുപ്പ് തുടങ്ങി ഒരു സവിശേഷ ദേശം എന്ന നിലയിലും സമുദായം എന്ന നിലയിലും മാപ്പിളമാർ പുലർത്തുന്ന സാംസ്കാരിക വ്യതിയാനങ്ങളാണ് അവ. ആദ്യം പറഞ്ഞ മൂന്ന്



സാംസ്കാരിക സവിശേഷതകളും ഈ നാലാമത്തെ ജനകീയ സംസ്കാര മേഖലയെ സ്വാധീനിക്കുകയും നിർണയിക്കുകയും ചെയ്യും. ദേശത്തിന്റെ പ്രകടനം എന്ന നിലക്ക് പ്രാദേശിക സ്വത്വം ഏറ്റവുമധികം വെളിപ്പെടുകയും ഈ ഘടകങ്ങളിലാണ്. സാംസ്കാരിക മേൽക്കോയ്മ (കൾച്ചറൽ ഹെജിമണി) ഏറ്റവും പ്രവർത്തനനിരതമാകുന്നതും അവിടെത്തന്നെ. മറ്റൊരു ദേശവുമായുള്ള വ്യത്യസ്തതകൾ ആശ്രയിച്ചു നിൽക്കുന്നതും ഈ സാമൂഹിക ഘടകങ്ങളെത്തന്നെയാണ്.

അതിൽ ഏറ്റവും പ്രധാനം വാമൊഴിതന്നെ. സംസ്കാരത്തിലും ചരിത്രത്തിലും ഏറെ ആഴത്തിലുള്ള വേരുകൾ മാപ്പിളവാമൊഴിക്ക് ഉണ്ട്. അറബിഭാഷയുടെയും ഇസ്ലാമിക വിശ്വാസങ്ങളുടെയും നേരിട്ടുള്ള സ്വാധീനം മാപ്പിളവാമൊഴിയിൽ കാണാം. മലപ്പുറത്തിനുമാത്രം സവിശേഷമായ പഴഞ്ചൊല്ലുകൾ, പ്രയോഗങ്ങൾ, വാമൊഴി പദാവലി എന്നിവ ശേഖരിക്കാനും അവ വിശകലനം ചെയ്യാനുമുള്ള ശ്രമങ്ങൾ ഉണ്ടായിട്ടുണ്ട്. മലപ്പുറത്തെ മുസ്ലീങ്ങളുടെ രാഷ്ട്രീയവും മതപരവുമായ ഏതൊരു അനക്കങ്ങളെയും പ്രതിഫലിപ്പിക്കാൻ മാത്രം മാപ്പിള വാമൊഴി ശക്തമാണ്. ഉച്ചാരണപരമായ അതിന്റെ സവിശേഷതകളിലാണ് പലഭാഷാശാസ്ത്ര പണ്ഡിതരും ശ്രദ്ധിച്ചിട്ടുള്ളത്. എന്നാൽ അതിന്റെ ആന്തരിക ഘടനയിലെ മാപ്പിളസ്വത്വത്തെ വിശകലനം ചെയ്യാനുള്ള ഗവേഷണങ്ങൾ ഇനിയും മുന്നോട്ടു പോകേണ്ടതുണ്ട്. മാപ്പിള ഫലിതങ്ങളുടെ മലപ്പുറം വർത്തമാനം കൂറെക്കൂടി സ്വത്വസൂചനകൾ ഉള്ളതാണ്.

മലപ്പുറത്തെ സ്ത്രീകളുടെ വസ്ത്രധാരണം, വിവാഹപ്രായം, വരന്റെ പ്രായം, ബഹുഭാര്യാത്വം, മൊഴിചൊല്ലൽ, വിദ്യാഭ്യാസം, സംസാരം, ഭക്ഷണപ്രിയത, ആരോഗ്യ സമീപനം തുടങ്ങിയവയെയൊക്കെ അപരസ്ഥാനത്ത് നിർത്തിയാണ് കേരളത്തിലെ രാഷ്ട്രീയ സാംസ്കാരിക മണ്ഡലങ്ങൾ ഏറ്റെടുത്തത്. പ്രാദേശികമായ ഒരു സംസ്കാര സവിശേഷത എന്ന നിലക്ക് അവയെ സമീപിക്കാനോ വിശകലനം ചെയ്യാനോ സന്നദ്ധമാകാത്തവിധം, ഈ ലേഖനത്തിന്റെ തുടക്കത്തിൽ സൂചിപ്പിച്ച മലപ്പുറംപേടി പല രംഗത്തും ഇപ്പോഴും നിലനിൽക്കുന്നു എന്നുതന്നെയാണ് സത്യം. പുരോഗമന പ്രസ്ഥാനങ്ങളുടെയും



സാംസ്കാരിക സംഘങ്ങളുടെയും നേതൃത്വത്തിൽ മലപ്പുറം ജില്ലയിൽ നടന്ന പല പരിപാടികളും ഈ മലപ്പുറം ഭയം വർധിപ്പിക്കാൻ ഏറെ സഹായിച്ചിട്ടുണ്ട് എന്ന വാസ്തവം നിഷേധിക്കാവുന്നതല്ല. മറ്റൊരു ജില്ലയിലായിരുന്നെങ്കിൽ ഒരു സാംസ്കാരിക വിഷയമേ ആകുമായിരുന്നില്ല എന്നു തോന്നാവുന്ന സംഭവങ്ങളെ ഏറ്റെടുത്ത് മഹാവിപത്ത് എന്ന മട്ടിൽ അവതരിപ്പിക്കുന്നതിലെ രാഷ്ട്രീയ യുക്തിയാണ് ഇത്തരം അജണ്ടകളിൽ പ്രാധാന്യമർഹിക്കുന്നത്. അതോടൊപ്പം മലപ്പുറത്തെ ജനകീയ സംസ്കാരത്തിലെ പ്രതിലോമപരമായ അംശങ്ങളെ പരിഹരിക്കുന്നതിൽ മതനേതൃത്വത്തിന്റെ അലസവും അശ്രദ്ധവുമായ സമീപനങ്ങളും വിമർശിക്കപ്പെടേണ്ടതുണ്ട്. ഭൂരിപക്ഷം മലപ്പുറത്തുകാരും വോട്ടുകുത്തുന്ന സാമുദായിക പാർട്ടിയും അതിന്റെ അനുബന്ധമതസംഘടനയും അവരുടെ സമാന്തര മതസംഘടനയും ഇസ്ലാമിസ്റ്റ് ഗ്രൂപ്പുകളും സലഫികളും അടക്കം ഈ ദേശത്തെയും അതിന്റെ സാംസ്കാരിക ഘടനയെയും കുറെക്കൂടി ശ്രദ്ധയോടെ മനസ്സിലാക്കേണ്ടതുണ്ട് എന്നാണ് ഫലശ്രുതി.

**മാധ്യമം,**
**25 ഫെബ്രുവരി 2019.**

FOCUS



## ഭാരതീയ സമുദ്ര ആവാസവ്യവസ്ഥയും ജൈവവൈവിധ്യവും

**കെ.കെ.ജോഷി, സേതുലക്ഷ്മി എം., വർഷ എം. എസ്.**

ഭാരതത്തിന്റെ അതിവിശാലമായ സമുദ്രതീരവും അതിൽ ഉൾപ്പെടുന്ന ജീവികളും അതിപുരാതന കാലം മുതൽക്കെ നമ്മെ അതിശയിപ്പിച്ചിരുന്നു. കൗടില്യന്റെ അർത്ഥശാസ്ത്രം മുതൽ അടുത്ത കാലത്തിറങ്ങിയിട്ടുള്ള ശാസ്ത്രീയ ഗ്രന്ഥങ്ങളിൽ വരെ ഭാരതത്തിന്റെ അതിസമ്പന്നമായ സമുദ്ര വിഭവങ്ങളുടെ ഉപയോഗം, സംരക്ഷണം തുടങ്ങിയ വിഷയങ്ങളെപ്പറ്റി ശാസ്ത്രീയമായി പ്രതിപാദിച്ചിരിക്കുന്നു. ഇന്ത്യൻ സമുദ്രതീരം ഗുജറാത്തിലെ കച്ച് മുതൽ ബംഗാളിലെ സുന്ദർബൻസ് വരെ ഏകദേശം 6068 കി.മീ. നീളത്തിൽ വ്യാപിച്ചു കിടക്കുന്നു. ഇതു കൂടാതെ ഏകദേശം 572 ദ്വീപ സമൂഹം അടങ്ങിയ ആൻഡമാൻ നിക്കോബാർ പ്രദേശവും 36 ദ്വീപുകൾ ഉൾക്കൊള്ളുന്ന ലക്ഷദ്വീപ് പ്രദേശവും സമുദ്ര ജൈവവൈവിധ്യം കൊണ്ട് സമ്പന്നമാണ്. ഇതിനെല്ലാമുപരി സമുദ്രവുമായി ബന്ധപ്പെട്ടു കിടക്കുന്ന സമൃദ്ധമായ കണ്ടൽക്കാടുകൾ (6756 sq.km), പവിഴദ്വീപുകൾ (1216.6 sq.km), ഓരു ജലതടാകങ്ങൾ, ഉപ്പളങ്ങൾ, കടൽപ്പാറകൾ, മണൽകൂനകൾ തുടങ്ങിയ ആവാസവ്യവസ്ഥകൾ, ഏകകോശ ജീവികളെ മുതൽ സസ്തനികളെ വരെ ഉൾക്കൊള്ളാൻ അനുയോജ്യമാണ്. ഭാരതത്തിന്റെ ജൈവ വൈവിധ്യത്തെപ്പറ്റിയുള്ള ചരിത്രം പരിശോധിക്കുമ്പോൾ ആദ്യമായി പരാമർശം അർഹിക്കുന്നത് മഹാനായ അശോക ചക്രവർത്തിയുടെ കാലഘട്ടമാണ്. അശോക ചക്രവർത്തിയുടെ വളരെ പ്രസിദ്ധമായ ശിലാലിഖിതങ്ങളിൽ നമ്മുടെ ജൈവ വൈവിധ്യത്തെപ്പറ്റിയും അവ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റിയും ശാസ്ത്രീയമായി പ്രതിപാദിച്ചിട്ടുണ്ട്.

സിന്ധു നദീതട സംസ്കാര കാലഘട്ടത്തിൽ മത്സ്യബന്ധനം ചെയ്തിരുന്നു എന്നതിന് തെളിവുകൾ കിട്ടിയിട്ടുണ്ട്. അക്കാലത്ത് ഉപയോഗിച്ചിരുന്ന ശംഖ് (Turbinella pyrum) ന്റെ അവശിഷ്ടങ്ങൾ പുരാവസ്തു ഗവേഷകർ കണ്ടെത്തിയിട്ടുണ്ട്. ഏകദേശം 18-ാം നൂറ്റാണ്ടിനോടടുത്ത് ഉണ്ടായ ശാസ്ത്ര പുരോഗതിയുടെ ഭാഗമായി ഇന്ത്യയിലും തനതു ജീവിഗണങ്ങളുടെ ശാസ്ത്രീയ വിവരണങ്ങൾ ശേഖരിക്കപ്പെട്ടു തുടങ്ങി. അക്കാലത്ത് പ്രസിദ്ധരായ വിദേശ



ശാസ്ത്ര ഗവേഷകരുടെ പഠന ഫലമായി ഇന്ത്യയിലെ സമുദ്ര ജീവികളുടെ ശാസ്ത്രീയ വിവരങ്ങൾ പ്രസിദ്ധീകരിച്ചു. അക്കൂട്ടത്തിൽ ഏറ്റവും പ്രധാനപ്പെട്ടത് കുവിയർ & വാലയൻസിന്റെ വർഗ്ഗീകരണ പുസ്തകം, ഫ്രാൻസിസ് ഡേയുടെ 'ഇന്ത്യയിലെ മത്സ്യങ്ങൾ', അൽക്കോക്കിന്റെ ആഴക്കടൽ മത്സ്യങ്ങളെക്കുറിച്ചുള്ള പഠനം, ഹാമിൽട്ടണിന്റെ ശുദ്ധജല മത്സ്യങ്ങളെക്കുറിച്ചുള്ള പഠനം, മുതലായവയാണ്. സ്വാതന്ത്ര്യാനന്തരം ഇന്ത്യൻ ശാസ്ത്രജ്ഞരുടെ ഗവേഷണ ഫലമായി നമ്മുടെ ജൈവവിധ്യത്തെപ്പറ്റി നല്ലൊരു വിജ്ഞാന ശേഖരം തന്നെയുണ്ടായി.

ശാസ്ത്രീയ പഠനങ്ങളുടെ വെളിച്ചത്തിൽ പുറത്തു വന്നിരിക്കുന്ന നിഗമനങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിക്കാം. ഇന്ത്യയിൽ കിട്ടുന്ന മത്സ്യങ്ങളിൽ ഭൂരിഭാഗവും ചെറിയ ജീവിതചക്രമുള്ളവയാണ്. അതായത് 3–5 വർഷം വരെ ജീവിച്ചിരിക്കുന്നത്. നമ്മുടെ തീരപ്രദേശ കടൽ ഭാഗത്ത് മത്സ്യബന്ധനം വളരെയധികം പ്രശ്നങ്ങളെ നേരിട്ടു കൊണ്ടിരിക്കുന്നു. അവയിൽ പ്രധാനപ്പെട്ടവ മത്സ്യയാനങ്ങളുടെ അനിയന്ത്രിതമായ പെരുപ്പം, കുറഞ്ഞ സാമ്പത്തിക ലാഭം, മത്സ്യബന്ധന ഉപാധികൾക്കും ഇന്ധനത്തിനും വലിയ വില, കുഞ്ഞുമത്സ്യങ്ങളുടെ അനിയന്ത്രിതമായ ശേഖരണം, ശാസ്ത്രീയമായ മാനേജ്മെന്റിന്റെ അഭാവം, ആർക്കും എപ്പോൾ വേണമെങ്കിലും മത്സ്യം പിടിക്കാവുന്ന സ്ഥിതി, ആവാസവ്യവസ്ഥയുടെ മലിനീകരണം, ചില ജാതി മത്സ്യങ്ങളുടെ തിരോധാനം എന്നിവയാണ്. ഇവ മത്സ്യസമ്പത്തിന്റെ നിലനിൽപ്പിനെത്തന്നെ ബാധിക്കുന്നു.

ഈ സന്ദർഭത്തിൽ നമ്മുടെ വിവിധ തരത്തിലുള്ള ആവാസ വ്യവസ്ഥകളായ കണ്ടൽക്കാടുകൾ, പവിഴദ്വീപുകൾ, നദീമുഖങ്ങൾ, തീരദേശ തടാകങ്ങൾ, സമുദ്ര സംരക്ഷിത പ്രദേശങ്ങൾ തുടങ്ങിയവയുടെ ഘടന, സുസ്ഥിരമായ ഉപയോഗം, സംരക്ഷണം തുടങ്ങിയവയെപ്പറ്റി നാം മനസ്സിലാക്കേണ്ടതുണ്ട്.

**ഭാരതത്തിലെ കണ്ടൽക്കാടുകൾ**

ഭാരതത്തിലെ അതിവിശാലമായ സമുദ്രതീരത്തിനോടടുത്ത് കാണപ്പെടുന്ന മന്നാർ ഉൾക്കടൽ (Gulf of Mannar), കച്ച് ഉൾക്കടൽ (Gulf of Kutch), ലക്ഷദ്വീപ്



(Lakshadeep) ആൻഡമാൻ ദ്വീപുകൾ (Andaman islands) തുടങ്ങിയ സ്ഥലങ്ങളിൽ വിശാലമായ കണ്ടൽക്കാടുകൾ കാണുന്നു. പശ്ചിമ ബംഗാൾ, ഗോവ, കേരളം, തമിഴ്നാട്, കർണ്ണാടകം തുടങ്ങിയ സ്ഥലങ്ങളിൽ കാണുന്ന കണ്ടൽക്കാടുകൾ ജൈവവൈവിധ്യത്തിന്റെ മകുടോദാഹരണങ്ങൾ ആണ്. ഇവിടെ കാണപ്പെടുന്ന വിവിധതരം പവിഴപ്പുറ്റുകൾ, സ്പോഞ്ചുകൾ, അലങ്കാര മത്സ്യങ്ങൾ, ഞണ്ടുകൾ തുടങ്ങിയവ കണ്ടൽ ചെടികളാൽ സംരക്ഷിക്കപ്പെടുന്നു. ഈ കണ്ടൽക്കാടുകൾ മനുഷ്യനു തരുന്ന സേവനം വിലമതിക്കാൻ പറ്റാത്തതാണ്. ഉദാഹരണമായി കടൽത്തീരത്തിന്റെ സംരക്ഷണം, ജീവികളുടെ പ്രജനന സ്ഥാനം, ജീവികൾക്ക് സുരക്ഷിതമായ ആവാസവ്യവസ്ഥ ഒരുക്കൽ, ദേശാടന ജീവികളുടെ താൽക്കാലിക വാസസ്ഥാനങ്ങളാകൽ, ഓക്സിജൻ ഉത്പാദിപ്പിക്കൽ, വിവിധതരം ഭക്ഷണ പദാർത്ഥങ്ങളുടെ ഉറവിടം തുടങ്ങി മനുഷ്യന്റെ നിലനിൽപ്പിനും സുഖകരമായ ജീവിതത്തിനും അത്യന്താപേക്ഷിതമായ പലതും അവ നിർവ്വഹിക്കുന്നുണ്ട്. എന്നാൽ അനിയന്ത്രിതമായ മത്സ്യബന്ധനം, ധാതുഖനനം, ചെളിയെടുക്കൽ, വനനശീകരണം, വ്യവസായവത്ക്കരണം, മനുഷ്യന്റെ പലതരത്തിലുള്ള ഇടപെടലുകൾ തുടങ്ങിയവ ഈ ആവാസവ്യവസ്ഥയുടെ നാശത്തിനും അതുവഴി മനുഷ്യ സമൂഹത്തിന് സാമ്പത്തിക നഷ്ടത്തിനും ഇടയാക്കുന്നു. കണ്ടൽക്കാടുകൾ മനുഷ്യന് ചെയ്തു തരുന്ന സേവന സാമഗ്രികൾ നിലനിർത്തിക്കൊണ്ടുള്ള ഒരു വികസന മുന്നേറ്റത്തിന് മനുഷ്യ സമൂഹം തയ്യാറാകണം. കണ്ടൽക്കാടുകൾ ജൈവവൈവിധ്യത്തിന്റെ കലവറയാണ്. കടൽപശു(Dugong), ബംഗാൾ കടുവ തുടങ്ങി വംശനാശം നേരിടുന്ന ജീവിഗണങ്ങളുടെ ഏറ്റവും പ്രധാനപ്പെട്ട ആവാസവ്യവസ്ഥ കൂടിയാണിവിടം.

ഇത്തരം ആവാസവ്യവസ്ഥയുടെ പ്രധാന കണ്ണികളായ ജീവികളുടെ തിരോധാനം ഭക്ഷ്യശൃംഖലയിൽ വരുത്തുന്ന മാറ്റങ്ങൾ ആവാസവ്യവസ്ഥയുടെ ഘടനയെ തന്നെ മാറ്റി മറിക്കുന്നതിനോടൊപ്പം അതിന്റെ ദൂഷ്യഫലങ്ങൾ മനുഷ്യ സമൂഹത്തെ സാരമായി ബാധിക്കുന്നതിനും കാരണമാകുന്നു.

**പവിഴദ്വീപുകൾ**

പവിഴം (Coral) കാണപ്പെടുന്നത് പവിഴ ദ്വീപുകളിലാണ് (Coral reefs). പവിഴ ദ്വീപുകളുമായി ബന്ധപ്പെട്ട ആവാസവ്യവസ്ഥകളുടെ സമൃദ്ധമായ ഒരു



വിന്യാസം തന്നെ ഇന്ത്യയിലുണ്ട്. ഗുജറാത്ത്, തമിഴ്നാട്, ആൻഡമാൻ ദ്വീപുകൾ, ലക്ഷദ്വീപുകൾ തുടങ്ങിയ സ്ഥലങ്ങളിൽ വളരെ വിശാലമായ ഒരു പവിഴശേഖരം തന്നെയുണ്ട്. ഉഷ്ണമേഖലയിലെ നിത്യഹരിത വനങ്ങളായിട്ടാണ് പവിഴദ്വീപുകൾ അറിയപ്പെടുന്നത്. ഇന്ത്യയിൽ ഏകദേശം 265 ജനുസ്സുകളിൽപ്പെട്ട പവിഴജീവികൾ കാണപ്പെടുന്നു. ഈ ജീവികൾ ഉൽപ്പാദിപ്പിക്കുന്ന കാൽസ്യം കാർബണേറ്റ് കൊണ്ടാണ് പവിഴദ്വീപുകൾ ഉണ്ടാകുന്നത്. ആകെയുള്ള സമുദ്ര ആവാസ വ്യവസ്ഥയുടെ 0.1% മാത്രമേ പവിഴദ്വീപുകൾ കാണപ്പെടുന്നുള്ളൂ എങ്കിലും അതിശയകരമെന്നു പറയട്ടെ സമുദ്രത്തിലുള്ള ആകെ ജീവികളുടെ 25% കാണപ്പെടുന്നത് പവിഴദ്വീപുകളിലാണ്. പവിഴദ്വീപുകൾ വിവിധ തരത്തിലുള്ള സേവനങ്ങൾ പ്രദാനം ചെയ്യുന്നു. പ്രധാനമായും സമുദ്രതീര സംരക്ഷണം, ഓക്സിജന്റേയും കാർബൺഡയോക്സൈഡിന്റെയും സന്തുലിതാവസ്ഥ നിലനിർത്തൽ, ജീവജാലങ്ങൾക്ക് ആവാസവ്യവസ്ഥ ഒരുക്കൽ തുടങ്ങിയവയാണ് ഇവയിൽ പ്രധാനം. ഏറ്റവും പരിസ്ഥിതി ദുർബ്ബലമായ പവിഴദ്വീപുകൾ നേരിടുന്ന പ്രശ്നങ്ങൾ നിരവധിയാണ്. പ്രകൃതിയിൽ നിന്നും കാലാവസ്ഥാ വ്യതിയാനങ്ങളിൽ നിന്നും, മനുഷ്യനിർമ്മിതമായ കാരണങ്ങളിൽ നിന്നും വളരെയധികം ഭീഷണി അവ നേരിടുന്നു. കുഴിയെടുക്കൽ, നികത്തൽ, റോഡു നിർമ്മാണം, തുറമുഖം, ഫാക്ടറികൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവ മൂലം പവിഴദ്വീപുകൾക്ക് നാശം സംഭവിക്കുന്നു. പവിഴങ്ങൾക്ക് സംഭവിക്കുന്ന വിവിധതരം രോഗങ്ങൾ, ആഗോളതാപനം മൂലമുള്ള പ്രശ്നങ്ങൾ തുടങ്ങിയവ അവയുടെ നാശത്തിനു വഴിയൊരുക്കുന്നു. പവിഴങ്ങളെ ആക്രമിക്കുകയും ഭക്ഷിക്കുകയും ചെയ്യുന്ന അകാന്തസ്റ്റർ പ്ലാൻസി എന്ന ഒരിനം നക്ഷത്രമത്സ്യവും ഇവയുടെ നാശത്തിനിടയാക്കുന്നു.

**നദീതടമുഖ ആവാസ വ്യവസ്ഥ (Estuarine Ecosystem)**

ചെറുതും വലുതുമായ നദികളാൽ സമൃദ്ധമാണ് ഇന്ത്യൻ ഉപഭൂഖണ്ഡം. വലിയ നദികൾ 14 എണ്ണവും, 44 ഇടത്തരം നദികളും, 162 ചെറിയ നദികളും ഉൾപ്പെടുന്നതാണ് വിപുലമായ ജല ആവാസവ്യവസ്ഥ. ഈ നദികളെല്ലാം കൂടി 53 നദീതടമുഖങ്ങൾ നമുക്ക് പ്രദാനം ചെയ്യുന്നു. ഈ നദീതടമുഖങ്ങൾ വിവിധ



ഇനം സസ്യ-ജന്തു ജീവജാലങ്ങൾ കൊണ്ട് സമൃദ്ധമാണ്. സമുദ്രത്തിനും ശുദ്ധജലത്തിനും ഇടയിലുള്ള ഈ പ്രത്യേക മേഖല നിർവ്വഹിക്കുന്ന ജൈവ പ്രവർത്തനം ഇല്ലാത്ത ഒരവസ്ഥയെപ്പറ്റി ആലോചിക്കുക അസാദ്ധ്യമാണ്. അത് സമുദ്ര ജലത്തിലേയും ശുദ്ധജലത്തിലേയും വളരെയധികം ജീവജാലങ്ങളുടെ നിലനിൽപ്പിനെത്തന്നെ ബാധിക്കും. മത്സ്യങ്ങൾ ഉൾപ്പെടെ മറ്റു സമുദ്രജീവികളുടെ സ്വാഭാവികമായ ജന്മസ്ഥലവും, വാസസ്ഥലവുമാണിവിടം. ദേശാന്തരഗമനം ചെയ്യുന്ന സമുദ്രജീവികളുടെ സ്വാഭാവികമായ ഇടത്താവളമാണ് ഈ മേഖല.

**കായലുകൾ**

സമുദ്ര ജൈവവൈവിധ്യത്തിന് വളരെയധികം ബന്ധപ്പെട്ടു കിടക്കുന്ന പരസ്പരം അനുപൂരകങ്ങളായ ആവാസവ്യവസ്ഥയാണ് കായലുകൾ. ഇന്ത്യൻ സമുദ്ര തീരത്ത് സ്ഥിതി ചെയ്യുന്ന 17 കായലുകൾ സസ്യജീവിഗണങ്ങളാൽ സമൃദ്ധമാണ്. സമുദ്രത്തിലേക്കുള്ള ജീവികളുടെ ദേശാന്തരഗമനവും തിരിച്ച് കായലിലേക്കുള്ള യാത്രയും ജീവികളുടെ ജീവിതചക്രം പൂർത്തീകരിക്കുന്നതിന് അത്യാവശ്യമാണ്. കായലുകളിൽ തന്നെ ഒറീസ്സയിലെ ചിൽക്കാ തടാകം, തമിഴ്നാട്ടിലെ പുലിക്കാട്ട് തടാകം, കേരളത്തിലെ വേമ്പനാട്ടു കായൽ, അഷ്ടമുടിക്കായൽ തുടങ്ങിയവ എടുത്ത് പറയേണ്ടവയാണ്. ഒരു കാലത്ത് കായലുകളിൽ സമൃദ്ധമായി കിട്ടിക്കൊണ്ടിരുന്ന തിരുത, കണമ്പ്, ചെമ്മീൻ, പൂമീൻ തുടങ്ങിയ മത്സ്യങ്ങൾ ഇന്ന് കുറഞ്ഞു കൊണ്ടിരിക്കുന്നു.

**സമുദ്ര ആവാസവ്യവസ്ഥ**

സമുദ്ര ആവാസ വ്യവസ്ഥയെ കടൽത്തീരത്തു നിന്നും, അവിടെ നിന്നും 20 നോട്ടിക്കൽ മൈൽ വരെയുള്ള പ്രദേശം തീര ആവാസവ്യവസ്ഥ എന്നും അതിനുമപ്പുറം ആഴക്കടൽ ആവാസവ്യവസ്ഥ എന്നും തിരിച്ചിരിക്കുന്നു. മത്സ്യസമ്പത്തിന്റെ വിതരണം, ഉത്പാദനം, പ്രജനനം തുടങ്ങിയ പ്രവർത്തനങ്ങളിൽ രണ്ടു കാലവർഷങ്ങൾക്കുള്ള സ്ഥാനം വളരെ പ്രധാനമാണ്.

**സമുദ്ര സംരക്ഷിത മേഖലകൾ**

**(Marine protected Areas)**

ഇന്ത്യയിൽ 31 സമുദ്ര സംരക്ഷിത പ്രദേശങ്ങൾ ഉണ്ട്. ഈ സംരക്ഷിത പ്രദേശങ്ങൾക്കെല്ലാം കൂടി 627.2 ച.കി.മീ. വിസ്തീർണ്ണം ഉണ്ട്. ഇന്ത്യൻ വന്യജീവി



സംരക്ഷണ നിയമം (Wild Life Protection Act) 1972 -ന്റെ കീഴിൽ അതിനു വേണ്ട നിയമങ്ങളും രൂപപ്പെടുത്തിയിട്ടുണ്ട്. ആവാസ വ്യവസ്ഥയുടെ മൂല്യം കണക്കിലെടുത്തും ജൈവ വൈവിധ്യത്തിന്റെ പ്രധാന്യം കണക്കിലെടുത്തും ഗവൺമെന്റ് മൂന്ന് ബയോസ്ഫിയർ റിസർവുകൾ പ്രഖ്യാപിച്ചു. സമുദ്രത്തിൽ കാണുന്ന വിവിധ തരത്തിലുള്ള കടൽ ചെടികൾ, സ്പോഞ്ചുകൾ, പവിഴങ്ങൾ, കടൽ കുതിരകൾ, സ്രാവുകൾ തുടങ്ങിയവ പലരീതിയിലും മനുഷ്യന് ഉപകാരപ്പെടുന്നു. പ്രധാനമായും ഇവയിൽ അടങ്ങിയിട്ടുള്ള രാസവസ്തുക്കൾ ഔഷധ നിർമ്മാണത്തിന് ഉപയോഗിക്കുന്നുണ്ട്. ഗവേഷണത്തിലൂടെ ഈയടുത്ത കാലത്ത് വളരെയധികം രോഗങ്ങൾക്കുള്ള മരുന്നുകൾ സമുദ്ര വിഭവങ്ങളിൽ നിന്ന് വേർതിരിച്ചെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. ഹൃദ്രോഗം, ആസ്ത്മ, പ്രമേഹം, നേത്രരോഗങ്ങൾ, വാതരോഗങ്ങൾ, മുതലായവ ഇതിൽപ്പെടുന്നു. കൂടാതെ രോഗ പ്രതിരോധ സംബന്ധമായ മരുന്നുകളും, കാൻസറിനുള്ള മരുന്നു പോലും ഇവയിൽ നിന്ന് നിർമ്മിച്ചെടുക്കാമെന്ന് കണ്ടെത്തിയിട്ടുണ്ട്. അതു കൊണ്ട് തീർച്ചയായും ഇത്തരം വിലപ്പെട്ട സമുദ്രജീവികളെ സംരക്ഷിക്കേണ്ടത് നമ്മുടെ കടമയാണ്. വംശനാശം സംഭവിക്കാൻ സാധ്യതയുള്ള ജീവികളെ കേന്ദ്ര ഗവൺമെന്റിന്റെ വന്യജീവി സംരക്ഷണ നിയമം മൂലം സംരക്ഷിക്കുന്നു. പ്രധാനമായും തിമിംഗല സ്രാവ് (Whale shark), ഡോൾഫിനുകൾ, കടൽപശു, കടലാമകൾ, കക്കവർഗ്ഗത്തിൽപ്പെട്ട ജീവികൾ, കടൽകുതിരകൾ, കടൽവെള്ളരിക്ക, ചിലയിനം തിരണ്ടികൾ എന്നിവയാണ് വന്യജീവി സംരക്ഷണ നിയമത്തിൽ ഉൾപ്പെട്ടിട്ടുള്ളത്.

**തിമിംഗല സ്രാവ് (Whale shark)**

സമുദ്രത്തിലെ ഏറ്റവും വലിയ മത്സ്യം ഏതാണെന്ന ചോദ്യത്തിന് ഒറ്റ ഉത്തരമേ ഉള്ളൂ-തിമിംഗലസ്രാവ്. ഏകദേശം 20–35 മീറ്റർ നീളവും 3–4 ടൺ ഭാരവും ഉള്ള വലിയ മത്സ്യം. തികച്ചും സസ്യഭുക്കായ, ഏറ്റവും നിരുപദ്രവജീവിയായ തിമിംഗല സ്രാവ് ഏതാണ്ട് 300 മുട്ടകൾ വരെ ഉത്പാദിപ്പിക്കുന്നു. തിമിംഗല സ്രാവ് ഉൾപ്പെടെ 10 ഇനം തരുണാസ്ഥി മത്സ്യങ്ങളെക്കൂടി വന്യജീവി സംരക്ഷണ നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.



മത്സ്യബന്ധനത്തിനിടയ്ക്ക് വലയിൽ കുടുങ്ങുന്ന മത്സ്യങ്ങളുടെ കാര്യത്തിൽ കൂടുതൽ ഫലപ്രദവും ജൈവവൈവിധ്യ മേഖലയിലെ എല്ലാവർക്കും സ്വീകാര്യവുമായ ഒരു സംരക്ഷണ നിയമം സുസ്ഥിരമായ ഉപയോഗത്തേയും സംരക്ഷണത്തേയും ഒരു പോലെ സമന്വയിപ്പിച്ച് ശാസ്ത്രീയമായ രീതിയിൽ നടപ്പാക്കേണ്ടതാണ്.

**സസ്തനികൾ**

ഡോൾഫിനുകൾ, കടൽപശു തുടങ്ങിയ സസ്തനികളും സമുദ്ര ആവാസ വ്യവസ്ഥയുടെ ഭാഗമാണ്. ഈ രണ്ടു ജീവി വിഭാഗവും വന്യജീവി സംരക്ഷണ നിയമത്തിൽ വരുന്നതാണ്. പല തരത്തിലുള്ള അപകടങ്ങളും, ആവാസ വ്യവസ്ഥയിൽ വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങളും ഇവയുടെ അംഗസംഖ്യയിൽ മാറ്റം വരുത്തുന്നു. അന്താരാഷ്ട്ര വ്യാപാര നിയമം അനുസരിച്ച് ഇവയുടെ കയറ്റുമതിയും ഇറക്കുമതിയും നിരോധിച്ചിരിക്കുകയാണ്. ഇനിയും വംശനാശം സംഭവിച്ചിട്ടില്ലാത്ത ജൈവപരിണാമ കാലഘട്ടത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഈ ജീവിവർഗ്ഗത്തെ സംരക്ഷിക്കേണ്ടത് നമ്മുടെ ഓരോരുത്തരുടേയും ഉത്തരവാദിത്വമാണ്.

| ശാസ്ത്ര നാമം | പൊതുനാമം |
|---|---|
| റിംഗ്ടോൺ ടൈപ്പസ് | തിമിംഗല സ്രാവ് |
| അനോക്സിപ്രിസ്റ്റിസ് കസപിഡാറ്റ | കൊമ്പൻ സ്രാവ് |
| പ്രിസ്റ്റിസ് മൈക്രോഡോൺ | കൊമ്പൻ സ്രാവ് |
| പ്രീസ്റ്റിസ് സിജഡ്രോൺ | കൊമ്പൻ സ്രാവ് |
| കാർക്കാറിനസ് ഹെമിയോഡോൺ | പുതുച്ചേരി സ്രാവ് |
| ഗ്ലിഫിസ് ഗാംസെറ്റിക്കസ്സ്രാവ് | |
| ഗ്ലിഫിസ് ഗ്ലിഫിസ് | സ്രാവ് |
| ഫിമാന്റ്റ ഫ്ളൂവിയാറ്റിലസ് | തിര 1 |
| റിംഗോബാറ്റസ് ജെഡ്ഡൻസിഡ് | ഗിറ്റാർ മത്സ്യം |
| യൂറോജിമ്നസ് ആസ്പെരിമസ് | തിര 1 |

**കടലാമകൾ**

ഇന്ത്യയിൽ കാണുന്ന കടലാമകൾ ഒലിവ്റെഡ്‌ലി, ഗ്രീൻ ടർട്ടൽ, ലെതർ ബാക്ക്, ഹാക്ക്സ ബിൽ, ലോഗർ ഹെഡ് എന്നിവയാണ്. ഇതിൽ ലെതർ ബാക്ക്



വിഭാഗത്തിൽപെടുന്ന കടലാമകൾ ഏകദേശം 3 മീറ്റർ നീളത്തിലും 1.5 മീറ്റർ ശരീര വീതിയിലും ഏകദേശം 700 കി.ഗ്രാം വരെ വളരുന്നു. മറ്റുകടലാമകൾ ഏകദേശം 60–120 സെ.മീ. നീളത്തിൽ വളരുന്നു. ലെതർ ബാക്ക് ആമകളുടെ പ്രധാന ഭക്ഷണം കടൽചൊറികൾ എന്നറിയപ്പെടുന്ന ജെല്ലിഫിഷ് ആണ്.

**കടൽക്കുതിരകൾ**

സമുദ്ര ജീവികളിൽ ഔഷധഗുണം കൊണ്ട് ഏറ്റവും അധികം വിലമതിക്കുന്ന വിഭാഗമാണ് കടൽക്കുതിരകൾ. ഇവയുടെ ആകൃതി, സ്വഭാവ വിശേഷങ്ങൾ, പ്രത്യുത്പാദനം തുടങ്ങിയവ ഏറ്റവും ശ്രദ്ധേയമാണ്. വളരെ കുറഞ്ഞ കുഞ്ഞുങ്ങളുടെ ഉത്പാദനം, സാവധാനത്തിലുള്ള വളർച്ച, പ്രത്യേക ആവാസവ്യവസ്ഥയുടെ ആവശ്യകത തുടങ്ങിയ ഘടകങ്ങൾ ഇവയെ വംശനാശഭീഷണിയിലേക്ക് തള്ളിവിടുന്നു. ലോകത്ത് ആകെ 41 ജനുസ്സുകൾ ഉണ്ടെങ്കിലും ഇന്ത്യയിൽ കുറച്ച് ജനുസ്സുകൾ മാത്രമേ കണ്ടെത്തിയിട്ടുള്ളൂ. ശ്രീമൂലം തിരുനാൾ മഹാരാജാവിന്റെ കാലത്ത് തിരുവിതാംകൂറിന്റെ ഔദ്യോഗിക മുദ്രയിൽ കുടൽക്കുതിരകളെ ആലേഖനം ചെയ്തിരുന്നു.

വിവിധ തരത്തിലുള്ള സമുദ്ര ആവാസവ്യവസ്ഥയെയും അവയിലുള്ള വ്യത്യസ്തയിനം ജീവജാലങ്ങളെയും പരിശോധിച്ചതിൽ നിന്നും മനുഷ്യന്റെ നിലനിൽപ്പിന് അവയൊക്കെ ഏറ്റവും അത്യാവശ്യമാണെന്ന് മനസ്സിലാക്കാം. സുസ്ഥിരമായ ഉപയോഗവും, സംരക്ഷണവും നടപ്പിലാക്കേണ്ടത് പൗരധർമ്മത്തിന്റെ ഭാഗമാണ്. പ്രകൃതി കനിഞ്ഞു നൽകിയ ഈ അമൂല്യ നിധികളെ വരും തലമുറയ്ക്കു വേണ്ടി നിലനിർത്തേണ്ടത് അവന്റെ ഉത്തരവാദിത്വവുമാണ്.

**അരണ്യം,**

**ഫെബ്രുവരി 2019.**



# Taxation and the Rule of Law

## Alok Prasanna Kumar

With a serious shortfall in collection of tax revenues from the budget estimates for the financial year 2018-19, the last few weeks have seen multiple reports of dubious measures taken by the tax authorities of the union government to extract more tax from taxpayers. Start-ups, which had been served notices on the so-called "angel tax," found that their bank accounts had been emptied on the orders of the income tax department without so much as a hearing. Refunds are alleged to have been delayed for previous years' assessments in order to shore up tax collections.

This is not necessarily a recent phenomenon. "Tax terrorism" is a phrase that has been in currency for a while now, though it is somewhat ironic that the one who coined this now finds himself heading the department being accused of the same. This is not limited to direct tax collection only. Even in the collection of indirect taxes, those running businesses found themselves facing arrest and detention over disagreements with the tax authorities, even when there was no material to show that they were deliberately hiding tax revenue. Further, the manner in which the goods and services tax has been rolled out has led to confusion among taxpayers and delay in refunds, which saw businesses shutting down due to lack of working capital.

Apart from specific incidents, there have been long-standing systemic problems with the way the tax administration in India has been working: complaints of high-pitched demands that do not stand scrutiny in courts, appeals that are filed mindlessly, and notices that are issued with deadlines that are impossible to comply with.

While the courts have been doing their part in holding the tax department accountable, when push comes to shove, they have indulged in jurisprudential contortions which have ended up justifying some of the more questionable actions of the tax collector; none more so than the application of the doctrine of unjust enrichment "in *Mafatlal Industries Ltd v Union of India (1997).*



In the Mafatlal case, the Supreme Court was concerned with what happens to indirect tax revenue collected by the tax authorities without the authority of law. There are three situations in which this may happen: where the payment is made as a result of a mistake in law, where the payment is made under a levy by the tax authorities contrary to law, and where the payment is made under an unconstitutional law.

For the purposes of this column, I focus on refunds of tax paid under the last category of cases: indirect tax paid under a law declared unconstitutional by the court. By a majority of 8-1 in the Mafatlal case, the Supreme Court held that such refunds could be claimed by an entity, provided it was part of the litigation to challenge the constitutionality of the law, and that the entity should show that it has not passed on the tax to the end user of the product or service.

How the Supreme Court arrived at this conclusion is what I want to discuss here and why the somewhat tortured logic used by the Court has grave implications for the rule of law in India.

